**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 551** **30-01-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സിയുടെ ടിക്കറ്റ് നിരക്കിന്മേലുള്ള സെസ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കെ.എസ്.ആർ.ടി.സിയുടെ ടിക്കറ്റ് നിരക്കിന്മേൽ സെസ്സ് ഏർപ്പെടുത്തിയത് എന്നു മുതലാണ്; എത്ര കാലത്തേക്കാണ് ഇത് ഏർപ്പെടുത്തിയത്; എത്ര ശതമാനം സെസ് ഈടാക്കാനാണ് ഉത്തരവ് നൽകിയത്; വ്യക്തമാക്കാമോ; | (എ) | 30.03.2007 തീയതിയിലെ G.O.(Rt.) No.103/2007/Trans ഉത്തരവ് പ്രകാരം ഫാസ്റ്റ് പാസഞ്ചർ ഉൾപ്പെടെയുള്ള സൂപ്പർക്ലാസ് സർവ്വീസുകളിൽ 25 രൂപയ്ക്ക് മുകളിലുള്ള ടിക്കറ്റുകളിൽ ഒരു രൂപ ഇൻഷ്വറൻസ് സെസ് 06.04.2007 മുതലാണ് നടപ്പിലാക്കിയത്.<br><br>01.01.2015ലെ 21182/ഡി2/2014/നിയമം സർക്കാർ വിജ്ഞാപനപ്രകാരം കെ.എസ്.ആർ.ടി.സി യാത്രക്കാർക്കുള്ള വ്യക്തിപര അപകട സമൂഹ ഇൻഷ്വറൻസ്, യാത്രക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ, ജീവനക്കാരുടെ സാമൂഹ്യ സുരക്ഷ, യാത്രാ ടിക്കറ്റിന്മേലുള്ള സെസ് 01.04.2015 മുതലാണ് ഏർപ്പെടുത്തിയത്. സെസ് നിരക്ക് സംബന്ധിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു.<br><br>മേൽ പറഞ്ഞ പ്രകാരമുള്ള സെസ് തുകകൾ കെ.എസ്.ആർ.ടി.സി നിലവിലും ഈടാക്കുന്നുണ്ട്. എന്നാൽ ടി തുക ഇതുവരെ സർക്കാർ ട്രഷറികളിൽ ഒടുക്കിയതായി കാണുന്നില്ല. |
| (ബി) | ബൾക്ക് പർച്ചേസ് വിഭാഗത്തിൽ നിന്നും കെ.എസ്.ആർ.ടി.സിയെ ഒഴിവാക്കിയ സാഹചര്യത്തിൽ ടിക്കറ്റ് നിരക്കിന്മേൽ ഏർപ്പെടുത്തിയ സെസ് പിൻവലിച്ച് കൊണ്ട് ഉത്തരവ് നൽകുമോ? | (ബി) | വൻകിട ഉപഭോക്താവ് എന്ന നിലയിൽ കെ.എസ്.ആർ.ടി.സി നിലവിൽ പൊതുമേഖലാ എണ്ണകമ്പനികളിൽ നിന്നും ഇന്ധനം വാങ്ങുന്നുണ്ട്.<br><br>(എ) പിരിവിൽ സൂചിപ്പിക്കുന്ന സെസ്സിന് ഇതുമായി യാതൊരു ബന്ധവും ഇല്ലാത്തതിനാൽ സെസ്സ് പിൻവലിക്കാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം – എ പിരിവ്

പട്ടിക

| ക്രമ നം. | സ്ലാബ് | പിരിക്കുന്ന തുക |
|---|---|---|
| 1 | ₹14 വരെയുള്ള ടിക്കറ്റ് | സെസ്സ് ഇല്ല |
| 2 | ₹15 മുതൽ 24 വരെയുള്ള ടിക്കറ്റ് | 1 രൂപ |
| 3 | ₹25 മുതൽ 49 വരെയുള്ള ടിക്കറ്റ് | 2 രൂപ |
| 4 | ₹50 മുതൽ 74 വരെയുള്ള ടിക്കറ്റ് | 3 രൂപ |
| 5 | ₹75 മുതൽ 99 വരെയുള്ള ടിക്കറ്റ് | 4 രൂപ |
| 6 | 100 രൂപയ്ക്ക് മുകളിലുള്ള ടിക്കറ്റ് | 10 രൂപ |

കെ.എസ്.ആർ.ടി.സി.യുടെ ഓർഡിനറി, സിറ്റി ഫാസ്റ്റ്, ജൻറം നോൺ എ.സി സർവീസുകളിൽ 49 രൂപ വരെയുള്ള ടിക്കറ്റുകളിന്മേൽ നിലവിൽ സെസ് തുക ഈടാക്കുന്നില്ല.